## തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണറുടെ നടപടി ഉത്തരവ്

**സംഗ്രഹം**

**ശബരിമല, മാളികപ്പുറം മേൽശാന്തിമാരായി പിരിഞ്ഞവർക്ക് തിരിച്ചറിയൽ കാർഡ് നൽകുന്ന സംഗതി സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

**ആർ.ഒ.സി.3461/24/ഐ.റ്റി** — **തീയതി: 14/11/2024**

**സൂചന:- 28/10/2024-ലെ ROC.7440/23/EDP നമ്പർ ബോർഡ് ഉത്തരവ്.**

**ഉത്തരവ്**

ശബരിമല, മാളികപ്പുറം മേൽശാന്തിമാരായി സേവനം അനുഷ്ഠിച്ച് പിരിഞ്ഞു പോകുന്നവർക്ക് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ തിരിച്ചറിയൽ കാർഡ് നൽകുന്നതിലേയ്ക്കായി സൂചന ഉത്തരവ് പ്രകാരം, ഇതോടൊപ്പം ചേർത്തിട്ടുള്ള മാതൃകയിൽ ഒരു ഡിക്ലറേഷൻ മുദ്രപത്രത്തിൽ തയ്യാറാക്കി, അപേക്ഷ സഹിതം ഹാജരാക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് സാക്ഷ്യപ്പെടുത്തി ലഭ്യമാക്കുന്നതിന് ശബരിമല എക്സിക്യൂട്ടീവ് ആഫീസറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

(ഒപ്പ്)
ദേവസ്വം കമ്മീഷണർ

അംഗീകാരത്തോടെ,

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

പകർപ്പ്:-

1. എക്സിക്യൂട്ടീവ് ആഫീസർ, ശബരിമല
2. ഐ.റ്റി സെക്ഷൻ
3. സെക്ഷൻ ഫയൽ
4. ഫെയർ ഓഫീസ് കോപ്പി

AR.14/11

# സത്യവാങ്മൂലം

..............................ജില്ലയിൽ....................................

താലൂക്കിൽ.......................വില്ലേജിൽ..................................എന്ന

സ്ഥലത്ത്..............................പി.ഒയിൽപെട്ട...................................

വീട്ടിൽ താമസിക്കുന്ന..............................മകൻ............. വയസുള്ള

.................................(പേര്) തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണർ മുമ്പാകെ നൽകുന്ന സത്യവാങ്മൂലം.

1. ഞാൻ തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലെ ............... (ശബരിമല / മാളികപ്പുറം) ക്ഷേത്രത്തിൽ.......................... കാലയളവിൽ മേൽശാന്തിയായി സേവനമനുഷ്ഠിച്ചിരുന്നു.
2. ഞാൻ തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നുള്ള സ്ഥിരം ജീവനക്കാരനല്ല / ജീവനക്കാരനാണ്.
3. ദേവസ്വം ബോർഡിൽ നിന്നും എന്റെ മേൽ വിവരിച്ച സേവനകാലം ഉൾപ്പെടുത്തി ഒരു തിരിച്ചറിയൽ കാർഡ് ലഭ്യമാക്കുന്നതിനായി ഞാൻ .........................തീയതിയായി ഒരു അപേക്ഷ ദേവസ്വം കമ്മീഷണർക്ക് സമർപ്പിച്ചിട്ടുള്ളതാണ്.
4. എനിക്ക് തിരിച്ചറിയൽ കാർഡ് ദേവസ്വം ബോർഡിൽ നിന്നും അനുവദിക്കുന്ന പക്ഷം താഴെ വിവരിക്കുന്ന വ്യവസ്ഥകൾ കർശനമായും പാലിക്കുന്നതാണ്.
    1. പ്രസ്തുത തിരിച്ചറിയൽ കാർഡ് ആർക്കും കൈമാറ്റം ചെയ്യുകയോ ഏതെങ്കിലും തരത്തിൽ ദുരുപയോഗപ്പെടുത്തുകയോ ചെയ്യില്ല.
    2. ദേവസ്വം ബോർഡിന്റെ താൽപര്യങ്ങൾക്കും നയങ്ങൾക്കും നിയമങ്ങൾക്കും വിധേയമായി എന്റെ ഐഡന്റിറ്റി വെളിവാക്കുന്നതിലേയ്ക്ക് വേണ്ടി മാത്രമേ പ്രസ്തുത തിരിച്ചറിയൽ കാർഡ് ഞാൻ ഉപയോഗിക്കുകയുള്ളൂ.
    3. തിരിച്ചറിൽ കാർഡിന്റെ കാലാവധി അവസാനിക്കുമ്പോഴോ, ദേവസ്വം ബോർഡ് കാർഡ് റദ്ദാക്കുമ്പോഴോ, അല്ലാത്ത പക്ഷം ഏതെങ്കിലും സാഹചര്യത്തിൽ ഡിപ്പാർട്ട്മെന്റ് ആവശ്യപ്പെടുന്ന സന്ദർഭത്തിലോ പ്രസ്തുത തിരിച്ചറിയൽ കാർഡ് ഞാൻ തിരികെ ഏൽപ്പിക്കുന്നതാണ്.

മേൽ വിവരിച്ച വസ്തുതകൾ ശരിയും സത്യവുമാണ്. മേൽ വിവരിച്ച കാര്യങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന പക്ഷം ഉണ്ടാകുന്ന സകലമാന കഷ്ടനഷ്ടങ്ങൾക്കും തിരുവിതാംകൂർ ദേവസ്വം ബോർഡിന് യാതൊരുവിധ ബാധ്യതയും ഇല്ലെന്നും

(മറുപുറം..)

ഞാൻ മാത്രമാണ് ഉത്തരവാദിയെന്നും ഈ സത്യവാങ്മൂലം സത്യവിരുദ്ധമാണെന്ന് തെളിയുന്ന പക്ഷം എനിക്കെതിരെ സിവിലായും ക്രിമിനലായും സ്വീകരിക്കുന്ന നിയമനടപടികൾ മൂലം ഉണ്ടായേക്കാവുന്ന കഷ്ടനഷ്ടങ്ങൾ എന്നിൽ നിന്നും ഈടാക്കുന്നതിന് എനിക്ക് പൂർണ്ണ സമ്മതമാണ്.

തീയതി..................

പേര്............................

ഒപ്പ്..............................